## 242

*രീതി: നിൻ മഹാസ്നേഹമേശുവേ*

വന്ദിച്ചിടുന്നു നാഥനേ നിന്നുപകാരമെന്നുമേ
വർണ്ണിച്ചിടുവാൻ നാവുകൾക്കസാദ്ധ്യമെന്നിരിക്കിലും (2)

1 പാടിടും നിന്റെ പാവന സ്നേഹത്തിൻ ആഴമെന്നും ഞാൻ
പാരിതിൽ പാർക്കും നാളെല്ലാം നന്ദിയോടെൻ ഹൃദയത്തിൽ

2 ചെന്നിണം ക്രൂശിൽ ചിന്തിയെൻ പ്രാണനെ വീണ്ടെടുക്കുവാൻ
വേദനപ്പെട്ടു ഹൃത്തടം പാപിയെന്നെ പ്രതിയല്ലയോ-

3 പാടുകൾ പീഡ ദണ്ഡനം എത്രയോ നിന്ദകളേറ്റു നീ
ലേശം പരിഭവം നിന്നിൽ തീരെയിട്ടില്ലതോർക്കുകിൽ-

4 വന്നിടും വേഗം എന്നുര ചെയ്ക നീ താതൻ സന്നിധി
പക്ഷവാദം ചെയ്തിടുന്നു നാഥാ നിൻ നാമം ധന്യമേ- **J.K.**